LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ

355 (333) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ അവഗണന നേരിട്ടു എന്ന ജീവനക്കാരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് സമാന വകുപ്പുകളിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അപേക്ഷിച്ച് കുറഞ്ഞ ശമ്പള സ്കെയിലാണ് ലഭിച്ചിട്ടുള്ളതെന്ന പരാതിയിൽ എന്ത പരിഹാരമാണ് സർക്കാർ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വന്യജീവികൾ ഉൾപ്പെടെയുള്ളവയുടെ ഭീഷണിയിൽ 24 മണിക്കൂറും ജോലി ചെയ്യാൻ നിയോഗിക്കപ്പെട്ട വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സമാന വകുപ്പിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുമായി ശമ്പളതുല്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പരിശോധിച്ചുവരുന്നു.

വനം കയ്യേറ്റം ഒഴിപ്പിക്കൽ

356 (334) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം ഒഴിപ്പിക്കണമെന്ന് വനം വകുപ്പിനോട് 2015 -ൽ ഹൈക്കോടതി ആവശ്യപ്പെട്ടത് എന്നാണ്;

(ബി) വനം വകുപ്പ് നടത്തിയ കണക്കെടുപ്പനുസരിച്ച് എത്ര ഏക്കർ വനഭൂമി കയ്യേറിയെന്നാണ് കോടതിക്ക് റിപ്പോർട്ട് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) കയ്യേറ്റത്തിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഹൈക്കോടതി ഉത്തരവനുസരിച്ച് കയ്യേറ്റവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട് വകുപ്പ് ഇറക്കിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?